**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്തുകളിൽ പൗര സഹായ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ (പൗര സഹായ കേന്ദ്രം) സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പ്രസ്തുത കേന്ദ്രത്തിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ ജനങ്ങൾക്ക് സർക്കാരിൽ നിന്നും സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച് കൃത്യമായ ധാരണ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. 2009 ൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായിരിക്കെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഏത് ഗ്രാമപഞ്ചായത്തിലും ലഭിക്കുന്ന ഏത് അപേക്ഷയ്ക്കും പരാതിയ്ക്കും സേവന പ്രദാന തീയതികൂടി രേഖപ്പെടുത്തിക്കൊണ്ടുള്ള രസീത് ഹർജിക്കാരന് നൽകുന്ന സംവിധാനവും അതിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്നു. ലഭിക്കുന്ന ഏതൊരു അപേക്ഷയോടൊപ്പവും സേവനം ലഭിക്കുന്നതിന് നിർബന്ധമായും ആവശ്യമുള്ള രേഖകൾ എന്തൊക്കെയെന്ന് ചെക്ക് ലിസ്റ്റ് പരിശോധിച്ച് ഉറപ്പുവരുത്തി അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനുള്ള സംവിധാനവും ഇതോടൊപ്പം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഈ ചെക്ക് ലിസ്റ്റ് സംവിധാനം മാന്വൽ ആയതിനാൽ അത് പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചിരുന്നില്ല. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തിയ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സംവിധാനം (ILGMS) വഴി ഗ്രാമപഞ്ചായത്തുകളിലേക്കുള്ള ഏതൊരു അപേക്ഷയും ഓൺലൈനായി നൽകുന്നതിന് സൗകര്യം ഏർപ്പെടുത്തുകയും ഓരോ അപേക്ഷയോടൊപ്പവും ആവശ്യമായ രേഖകൾ എന്തൊക്കെയെന്ന് അതോടൊപ്പം അറിയിക്കുന്ന സംവിധാനവും ഏതെങ്കിലും രേഖ കുറവുണ്ടെങ്കിൽ കൈപ്പറ്റ് രസീതിനൊപ്പം കുറവുള്ള രേഖ ഏതെന്ന് |

അറിയിപ്പ് നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള സേവനസംവിധാനം അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തിയും ഏറെ ജനസൗഹൃദപരമാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. ജനങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്ന ജനപ്രതിനിധികൾ കൂടി ഉൾപ്പെട്ട സർക്കാർ സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകളുടേതല്ലാത്ത മറ്റ് സേവനങ്ങളെ സംബന്ധിച്ചിട്ടുള്ള അന്വേഷണങ്ങൾക്കും പൊതുസമൂഹം അവിടെ ആശ്രയിക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭിക്കേണ്ട എല്ലാ സേവന/ വിവരങ്ങളും, അത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെങ്കിലും അല്ലെങ്കിലും, ഗ്രാമപഞ്ചായത്ത് ഓഫീസുകളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അവ നേടിയെടുക്കാൻ സഹായം നല്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസിനോട് ചേർന്നു സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ നല്കുന്ന സേവനങ്ങൾക്കു പുറമെ വിവിധ വകുപ്പുകളിൽ/ ഏജൻസികളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവന/വിവരങ്ങളും നേടിയെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും സഹായങ്ങളും പൊതുജനങ്ങൾക്ക് നല്കുന്നതിനും ആവശ്യമെങ്കിൽ ഓൺലൈൻ വഴിയുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായം നല്കുന്നതും ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുമാണ് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾ രൂപീകരിക്കുന്നത്. സംരംഭങ്ങൾ ആരംഭിക്കുന്നതോ, മറ്റേതെങ്കിലും സർക്കാർ സംവിധാനത്തിൽ നിന്നും സേവനം ലഭിക്കുന്നതോ, ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നോ ഘടക സ്ഥാപനത്തിൽ നിന്നോ ഗ്രാമപഞ്ചായത്ത് പരിധിയിലെ മറ്റേതെങ്കിലും സർക്കാർ/സർക്കാരിതര സംവിധാനത്തിൽ നിന്നും സേവനം ലഭിക്കുന്നതിനോ, ഏതു മാർഗനിർദ്ദേശങ്ങൾക്കും സമീപിക്കാൻ സാധിക്കുന്ന രീതിയിലാണ് ഫ്രണ്ട് ഓഫീസ് ഫെസിലിറ്റേഷൻ സെന്ററുകൾ വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർ, അവരില്ലാത്ത സ്ഥലങ്ങളിൽ കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനം, ഇതുരണ്ടും ഇല്ലാത്ത സ്ഥലങ്ങളിൽ എം.എസ്.ഡബ്ല്യു. യോഗ്യതയുള്ളവരെ

| | | | |
|---|---|---|---|
| | | | നിയോഗിച്ചും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇവർക്ക് പരിശീലനം നൽകുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനം കില ആരംഭിച്ചുകഴിഞ്ഞു. ഓരോ ഗ്രാമപഞ്ചായത്ത് ഓഫിസിലും ആർക്കും തിരിച്ചറിയാൻ പറ്റുന്ന രീതിയിൽ നീല ജാക്കറ്റ് ധരിച്ച് 'ഒപ്പമുണ്ട് ഉറപ്പാണ്' എന്ന ടാഗ് ലൈനോടു കൂടി സേവന കേന്ദ്രം ഏർപ്പെടുത്തുന്നതാണ്. 2023 ഏപ്രിൽ മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ സംവിധാനം നിലവിൽ വരും. |
| (ബി) | പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതും ഇതര വകുപ്പുകളിൽ നിന്നും ലഭിക്കേണ്ടതുമായ സേവനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതിന് പ്രസ്തുത സഹായ കേന്ദ്രം വഴി സൗകര്യം ലഭ്യമാണോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. സംസ്ഥാനത്ത് പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ ജനങ്ങൾക്ക് സർക്കാരിൽ നിന്നും സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച് കൃത്യമായ ധാരണ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. 2009 ൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായിരിക്കെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഏത് ഗ്രാമപഞ്ചായത്തിലും ലഭിക്കുന്ന ഏത് അപേക്ഷയ്ക്കും പരാതിയ്ക്കും സേവന പ്രദാന തീയതികൂടി രേഖപ്പെടുത്തിക്കൊണ്ടുള്ള രസീത് ഹർജിക്കാരന് നൽകുന്ന സംവിധാനവും അതിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്നു. ലഭിക്കുന്ന ഏതൊരു അപേക്ഷയോടൊപ്പവും സേവനം ലഭിക്കുന്നതിന് നിർബന്ധമായും ആവശ്യമുള്ള രേഖകൾ എന്തൊക്കെയെന്ന് ചെക്ക് ലിസ്റ്റ് പരിശോധിച്ച് ഉറപ്പുവരുത്തി അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനുള്ള സംവിധാനവും ഇതോടൊപ്പം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഈ ചെക്ക് ലിസ്റ്റ് സംവിധാനം മാന്വൽ ആയതിനാൽ അത് പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചിരുന്നില്ല. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തിയ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സംവിധാനം (ILGMS) വഴി ഗ്രാമപഞ്ചായത്തുകളിലേക്കുള്ള ഏതൊരു അപേക്ഷയും ഓൺലൈനായി നൽകുന്നതിന് സൗകര്യം ഏർപ്പെടുത്തുകയും ഓരോ അപേക്ഷയോടൊപ്പവും ആവശ്യമായ രേഖകൾ എന്തൊക്കെയെന്ന് അതോടൊപ്പം അറിയിക്കുന്ന സംവിധാനവും ഏതെങ്കിലും രേഖ കുറവുണ്ടെങ്കിൽ കൈപ്പറ്റ് രസീതിനൊപ്പം കുറവുള്ള രേഖ ഏതെന്ന് അറിയിപ്പ് നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള സേവനസംവിധാനം അക്കൗണ്ടബിലിറ്റി |

ഉറപ്പുവരുത്തിയും ഏറെ ജനസൗഹൃദപരമാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. ജനങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്ന ജനപ്രതിനിധികൾ കൂടി ഉൾപ്പെട്ട സർക്കാർ സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകളുടേതല്ലാത്ത മറ്റ് സേവനങ്ങളെ സംബന്ധിച്ചിട്ടുള്ള അന്വേഷണങ്ങൾക്കും പൊതുസമൂഹം അവിടെ ആശ്രയിക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭിക്കേണ്ട എല്ലാ സേവന/ വിവരങ്ങളും, അത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെങ്കിലും അല്ലെങ്കിലും, ഗ്രാമപഞ്ചായത്ത് ഓഫീസുകളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അവ നേടിയെടുക്കാൻ സഹായം നല്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസിനോട് ചേർന്നു സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ നല്കുന്ന സേവനങ്ങൾക്കു പുറമെ വിവിധ വകുപ്പുകളിൽ/ ഏജൻസികളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവന/വിവരങ്ങളും നേടിയെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും സഹായങ്ങളും പൊതുജനങ്ങൾക്ക് നല്കുന്നതിനും ആവശ്യമെങ്കിൽ ഓൺലൈൻ വഴിയുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായം നല്കുന്നതും ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുമാണ് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾ രൂപീകരിക്കുന്നത്. സംരംഭങ്ങൾ ആരംഭിക്കുന്നതോ, മറ്റേതെങ്കിലും സർക്കാർ സംവിധാനത്തിൽ നിന്നും സേവനം ലഭിക്കുന്നതോ, ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നോ ഘടക സ്ഥാപനത്തിൽ നിന്നോ ഗ്രാമപഞ്ചായത്ത് പരിധിയിലെ മറ്റേതെങ്കിലും സർക്കാർ/സർക്കാരിതര സംവിധാനത്തിൽ നിന്നും സേവനം ലഭിക്കുന്നതിനോ, ഏതു മാർഗനിർദ്ദേശങ്ങൾക്കും സമീപിക്കാൻ സാധിക്കുന്ന രീതിയിലാണ് ഫ്രണ്ട് ഓഫീസ് ഫെസിലിറ്റേഷൻ സെന്ററുകൾ വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർ, അവരില്ലാത്ത സ്ഥലങ്ങളിൽ കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനം, ഇതുരണ്ടും ഇല്ലാത്ത സ്ഥലങ്ങളിൽ എം.എസ്.ഡബ്ല്യു. യോഗ്യതയുള്ളവരെ നിയോഗിച്ചും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇവർക്ക് പരിശീലനം നൽകുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനം കില ആരംഭിച്ചുകഴിഞ്ഞു. ഓരോ

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് ഓഫിസിലും ആർക്കും തിരിച്ചറിയാൻ പറ്റുന്ന രീതിയിൽ നീല ജാക്കറ്റ് ധരിച്ച് 'ഒപ്പമുണ്ട് ഉറപ്പാണ്' എന്ന ടാഗ് ലൈനോടു കൂടി സേവന കേന്ദ്രം ഏർപ്പെടുത്തുന്നതാണ്. 2023 ഏപ്രിൽ മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ സംവിധാനം നിലവിൽ വരും. |

സെക്ഷൻ ഓഫീസർ